(സി) ചെറുകിട വ്യവസായ മേഖലയിൽ ഊന്നിയുള്ള വ്യവസായ വികസനമാണ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി പ്രധാനമായും നടത്തുന്നത്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ, പദ്ധതികൾ, വ്യവസായ വികസനത്തിനും നിലനിൽപ്പിനും വേണ്ടുന്ന പ്രവർത്തനങ്ങളും ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ് നടപ്പിലാക്കുന്നത്. ഭരണച്ചെലവിന് സംസ്ഥാന വിഹിതമാണ് ഉപയോഗിക്കുന്നത്.

ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഭരണ ചെലവിനായി 2004-2005-ൽ 9,50,75,548 രൂപ വേണ്ടിവന്നു.

പ്രവർത്തനരഹിതമായിട്ടുള്ളതോ, ലേ ഓഫ് അവസ്ഥയിലോ ഉള്ള വ്യവസായ സ്ഥാപനങ്ങളെ പ്രവർത്തനസജ്ജമാക്കാൻ നടപടി

11 [3524] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തനരഹിതമായിട്ടുള്ളതോ ലേ ഓഫ് അവസ്ഥയിലോ സ്ഥിതി ചെയ്യുന്നതെന്ന് അറിയിക്കാമോ;

(ബി) അങ്ങനെയുള്ള പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പൊതുമേഖലയ്ക്ക് നഷ്ടം വരുത്തുന്നതാണ് പ്രവർത്തനരഹിതമായ പല വ്യവസായ സ്ഥാപനങ്ങളുമെന്ന വിലയിരുത്തലിന്റെ പശ്ചാത്തലത്തിൽ അങ്ങനെയുള്ള സ്ഥാപനങ്ങൾ സഹകാര്യ സംരംഭകരേയോ തൊഴിലാളി പ്രസ്ഥാനങ്ങളെത്തന്നെയോ ഏൽപ്പിച്ച് സ്തംഭനാവസ്ഥ പരിഹരിക്കുവാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, കേരള സോപ്സ് ആന്റ് ഓയിൽസ്, കേരള സെറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ്, മെട്രോപൊളിറ്റൻ എൻജിനീയറിംഗ് കമ്പനി, കെൽട്രോൺ റെക്ടിഫയേഴ്സ്, ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് സിഡ്കൽ ടെലിവിഷൻ, കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് എന്നിവ പ്രവർത്തനം നിലച്ചവയാണ്. കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായമുള്ള 68 സ്ഥാപനങ്ങളും പൂട്ടിക്കിടക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലെ യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിന്റെ പ്രവർത്തനം നിർത്തലാക്കാൻ തീരുമാനിച്ചെങ്കിലും കോഴിക്കോട് ജില്ലയിലെ വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

പുതിയ മെഷീനറികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമേഖലാ പുനരുദ്ധാരണം സംബന്ധിച്ച കൃാബിനറ്റ് സബ് കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. സ്കൂട്ടേഴ്സ് കേരളയുടെ പ്രവർത്തനം നിർത്തലാക്കിയെങ്കിലും കിർഫ് ബോർഡിൽനിന്നും വായ്പയെടുത്ത് ചെയ്യുന്ന ഓർഡറുകൾ പൂർത്തിയാക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. സ്കൂട്ടേഴ്സ് കേരളയ്ക്ക് നിലവിലുള്ള വർക്ക് ഓർഡർ പൂർത്തിയാക്കുന്നതിനും വിരമിച്ച ജീവനക്കാർക്കുള്ള കുടിശ്ശിക യിനത്തിൽ 40.16 ലക്ഷം രൂപ നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായം നിലവിലുള്ള 68 സ്ഥാപനങ്ങളുടെ പേരും അവയിൽ ഓരോന്നിലും എടുത്തിട്ടുള്ള നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 2001-ൽ സർക്കാർ പ്രഖ്യാപിച്ച വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി പൊതുമേഖലാ പുനരുദ്ധാരണം സംബന്ധിച്ച സമീപനരേഖ അനുസരിച്ച് അതുവരെ ലാഭകരമായി പ്രവർത്തിച്ചിട്ടില്ലാത്തതും വൻതുക മുടക്കിയാൽ മാത്രം ലാഭകരമാക്കാൻ സാദ്ധ്യതയുള്ള സ്ഥാപനങ്ങളെ സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കാൻ തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ആസ്ട്രാൾ വാച്ചസ് എന്നിവയുടെ 100% ഓഹരികളും, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ 46% ഓഹരികളും (ആദ്യ വർഷം), സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് പരസ്യം നൽകിയിരുന്നു. ഇതിൻമേൽ അപേക്ഷകൾ കിട്ടിയിട്ടുണ്ടെങ്കിലും തീരുമാനമെടുത്തിട്ടില്ല. ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് കമ്പനികൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചിരുന്നെങ്കിലും ജീവനക്കാർ മുന്നോട്ടു വന്നിട്ടില്ല. ഒറ്റത്തവണ സാമ്പത്തിക സഹായം കൊണ്ടു നടത്തിക്കൊണ്ടുപോകുവാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അത്തരം സഹായം നൽകി പ്രവർത്തിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ജിമ്മിൽ ഒപ്പിട്ട ധാരണാപത്രമനുസരിച്ചുള്ള നിക്ഷേപത്തുക

12 [3525] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly